**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാരവൻ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാരവൻ ടൂറിസം പദ്ധതിയിൽ എത്ര സംരംഭകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര കാരവനുകൾ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്; എത്ര കാരവൻ പാർക്കുകളാണ് ആരംഭിച്ചതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ സംരംഭകരുടെ 13 കാരവനുകൾ രജിസ്റ്റർ ചെയ്യുകയും വിനോദസഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും ചെയ്തിട്ടുണ്ട്. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. കാസർഗോഡ് ബേക്കലിലും എറണാകുളത്ത് ബോൾഗാട്ടി പാലസിലും കാരവൻ പാർക്കുകൾക്ക് ടൂറിസം വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ തുടരുന്നു. |
| (ബി) | എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പാർക്കുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത്; ഓരോ പാർക്കിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇതിൽ എത്ര കാരവൻ പാർക്കുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) | 08/10/2021 തീയതിയിലെ G.O(MS)18/2021/TSM ഉത്തരവ് പ്രകാരം സർക്കാർ കാരവൻ ടൂറിസം നയം പുറപ്പെടുവിച്ച ഉത്തരവായിരുന്നു. ടി ഉത്തരവിൽ കാരവൻ പാർക്കിന്റെ സൗകര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. (പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)<br><br>വാഗമണ്ണിൽ സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ ഒരു കാരവൻ പാർക്ക് പ്രവർത്തിക്കുന്നുണ്ട്. KTDC-യുമായി സഹകരിച്ച കാസർഗോഡ് ബേക്കലിലും, എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവൻ പാർക്കുകൾ തുടങ്ങുന്നതിന് 2.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - കാരവൻ ടൂറിസം നയം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (ബി) വകുപ്പ്

സ.ഉ.(കൈ) നം.18/2021/ടൂറിസം തീയതി,തിരുവനന്തപുരം, 08/10/2021

---

ഉത്തരവ്

കാരവൻ ടൂറിസം നയം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നയം ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & ഓഡിറ്റ് II) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്
5. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കാരവൻ ടൂറിസം നയം

**മുഖവുര:**

ലോക ടൂറിസം രംഗം നിരവധി മാറ്റങ്ങൾക്ക് വിധേയമായാണ് നിലവിലെ സ്ഥിതിയാർജ്ജിച്ചിട്ടുള്ളത്. ലോകമെമ്പാടുമുള്ള സഞ്ചാരികളുടെ മാറുന്ന അഭിരുചിക്കനുസൃതമായി കേരളത്തിലെ ടൂറിസം മേഖലയും നവീകരിക്കപ്പെടേണ്ടതുണ്ട്. ലോക ടൂറിസം മേഖലയുടെ മാറുന്ന പ്രവണതകൾ വീക്ഷിച്ച് അതിനനുസൃതമായ മാറ്റങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കുന്നതിൽ കേരള ടൂറിസം എന്നും മുൻപന്തിയിലാണ്. വൈവിധ്യവും തനതുമായ ഭൂപ്രകൃതി തന്നെയാണ് എന്നും കേരളത്തിലെ ടൂറിസം മേഖലയുടെ ശക്തി. അതോടൊപ്പം നവീന ആശയങ്ങളും ടൂറിസം ഉത്പന്നങ്ങളും സമയാസമയങ്ങളിൽ സഞ്ചാരികൾക്കായി അവതരിപ്പിക്കുന്നതിലും കേരളം മാതൃകയാണ്.

കാരവൻ ടൂറിസം എന്നത് പല ലോകരാജ്യങ്ങളിലും പ്രചുരപ്രചാരം സിദ്ധിച്ച ഒന്നാണ്. കേരളത്തിലെ ടൂറിസം രംഗത്ത് ഇതേവരെ കടന്നുവന്നിട്ടില്ലാത്ത കാരവൻ ടൂറിസം സഞ്ചാരികൾക്കായി ഒരുക്കുന്നത് കേരളത്തിന്റെ സാന്നിദ്ധ്യം ലോക വിനോദസഞ്ചാര ഭൂപടത്തിൽ ഒന്നുകൂടി ഉറപ്പിക്കുവാൻ പര്യാപ്തമാകും.

പ്രധാനമായും സ്വകാര്യമേഖലയിൽ കാരവൻ ടൂറിസത്തിന്റെ സമഗ്രമായ വികസനത്തിനും പ്രചാരണത്തിനും വേണ്ടതായ ഒരു ബൃഹത്തായ ചട്ടക്കൂട് ഒരുക്കുന്നതിനാണ് കാരവൻ ടൂറിസം നയം വിഭാവനം ചെയ്യുന്നത്. കാരവൻ വാഹനങ്ങൾ വാങ്ങുന്ന സംരംഭകർക്ക് സബ്സിഡി അനുവദിക്കുക, കാരവനുകളും കാരവൻപാർക്കുകളും പ്രവർത്തിക്കുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനും വേണ്ടിയുള്ള മാർഗ്ഗരേഖ തുടങ്ങിയ കാര്യങ്ങളും ഈ നയരേഖ വിഭാവനം ചെയ്യുന്നു.

പ്രധാനമായും രണ്ട് ഘടകങ്ങളാണ് കാരവൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്

**ടൂറിസം കാരവനുകൾ**

വിനോദസഞ്ചാരികൾക്ക് യാത്രയ്ക്കും താമസത്തിനും വിശ്രമത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങൾ

**കാരവൻ പാർക്കുകൾ**

യാത്രചെയ്യുന്ന വിനോദസഞ്ചാരികൾക്ക് കാരവൻ പാർക്ക് ചെയ്യാനും, രാത്രിയോ പകലോ

ചെലവിടാനും, ആ വിനോദസഞ്ചാരകേന്ദ്രം ആസ്വദിക്കുന്നതിനും വേണ്ടി തയ്യാറാക്കുന്ന നിർദ്ദിഷ്ട സ്ഥലങ്ങൾ.

1. ## ടൂറിസം കാരവനുകൾ

ഒറ്റ വാഹനമോ (Rigid) മറ്റൊരു വാഹനത്തിൽ ഘടിപ്പിച്ച് വലിക്കുന്നതോ (Towed/Trailer) ആയ കാരവനുകൾ ഈ ഗണത്തിൽപ്പെടുന്നു. സഞ്ചാരികൾ യാത്രചെയ്യുന്നതും വാഹനത്തെ ചലിപ്പിക്കുന്നതുമായ ഭാഗങ്ങൾ ഒറ്റ വാഹനത്തിൽത്തന്നെ ഉൾക്കൊള്ളുന്നതാണ് Rigid Caravan. യാത്രക്കാർക്ക് താമസിക്കുവാനുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം അനുയോജ്യമായ മറ്റൊരു വാഹനത്തിൽ ഘടിപ്പിച്ച് ചലിക്കുന്ന വാഹനങ്ങളാണ് Towed/Trailer Caravan. ഏകദേശം 8.5 മീറ്റർ നീളമുള്ളതാവണം കാരവനുകൾ.

കുറഞ്ഞത്, ചുവടെ വിശദീകരിച്ചിട്ടുള്ള സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുള്ള വാഹനങ്ങളെ ടൂറിസം കാരവനുകളായി പരിഗണിക്കും.

1. രണ്ടുപേർക്ക് ഉപയോഗിക്കാവുന്ന സോഫാ കം ബെഡ്
2. ഫ്രിഡ്ജും, മൈക്രോവേവ് അവനും ഉൾക്കൊള്ളുന്ന ചെറിയ അടുക്കള
3. മതിയായ അളവിലുള്ള ശുദ്ധജലസംഭരണിയും ഹാൻഡ് ഷവറും ഉള്ള ശൗചാലയം
4. വാഹനം ഓടിക്കുന്നയാളിൻറെ പിന്നിൽ മറ
5. സഞ്ചാരികളും വാഹനം ഓടിക്കുന്നയാളും തമ്മിലുള്ള ആശയവിനിമയത്തിനുള്ള സൗകര്യം
6. എയർ കണ്ടീഷണർ
7. തീൻമേശ
8. ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ
9. ഇൻറർനെറ്റ് സൗകര്യം
10. അകമേയും പുറമേയും സമഗ്ര ചാർജ്ജിംഗ് സംവിധാനം
11. ജി.പി.എസ്. (അഭികാമ്യം)
12. ഭാരത് സ്റ്റേജ് VI നിലവാരം (അഭികാമ്യം)
13. പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജ്ജന സൗകര്യം
14. വിവരസാങ്കേതികതവിദ്യാധിഷ്ഠിതമായ Real-Time നിരീക്ഷണ സംവിധാനം

1.1 കാരവനുകളുടെ അംഗീകാരം:

കാരവനുകൾക്ക് അംഗീകാരം നൽകുന്നതിനായി സവിശേഷമായ ഒരു അംഗീകാര പ്രക്രിയ കേരള സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പ് രൂപപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ ഓട്ടോമോട്ടീവ് റിസർച്ച് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (ARAI) , പൂനെ AIS:124 അനുസരിച്ച് ഒരു അംഗീകാരപ്രക്രിയ രൂപപ്പെടുത്തുകയും ആയത് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രമോട്ടോർ വാഹന നിയമത്തിലെ AIS:124 അനുസരിച്ച് നിശ്ചിത മേയ്ക്ക്/മോഡൽ കാരവനുകൾക്കുള്ള അംഗീകാരം Original Equip Manufacturer (OEM) നോ ബന്ധപ്പെട്ട മോട്ടോർ കാരവൻ നിർമ്മാതാവിനോ കേന്ദ്ര മോട്ടോർ വാഹന നിയമം ചട്ടം 126 പ്രകാരം അംഗീകാരമുള്ള ടെസ്റ്റിംഗ് ഏജൻസികളിൽ നിന്നും നേരിട്ട് നേടാവുന്നതാണ്.

**1.2 സംരംഭകർക്കുള്ള പ്രോത്സാഹനം:**

കാരവൻ ടൂറിസത്തിന് ഉത്തേജനം പകരുവാനായി സംരംഭകർക്കുവേണ്ടി ഒരു പ്രോത്സഹന പദ്ധതി ചുവടെ വിശദീകരിച്ചിട്ടുള്ള പ്രകാരം സർക്കാർ നടപ്പാക്കുന്നതാണ്.

a) നിക്ഷേപ ധനസഹായം (**Investment Subsidy**)

കാരവൻ വാങ്ങുന്നതിനായി ചുവടെ വിശദീകരിച്ചിട്ടുള്ള പ്രകാരം നിക്ഷേപധനസഹായം അനുവദിക്കുന്നതാണ്.

ആദ്യ 100 കാരവനുകൾക്ക് - രൂപാ 7.50 ലക്ഷം വീതം, അല്ലെങ്കിൽ നിക്ഷേപത്തിന്റെ 15 %, അതിൽ ഏതാണോ കുറവ് അത്.

101 th മുതൽ 200 th വരെയുള്ള കാരവനുകൾക്ക്- രൂപാ 5.00 ലക്ഷം വീതം, അല്ലെങ്കിൽ നിക്ഷേപത്തിന്റെ 10%, അതിൽ ഏതാണോ കുറവ് അത്.

201 th മുതൽ 300 th വരെയുള്ള കാരവനുകൾക്ക്- രൂപാ 2.50 ലക്ഷം വീതം, അല്ലെങ്കിൽ നിക്ഷേപത്തിന്റെ 5%, അതിൽ ഏതാണോ കുറവ് അത്.

കുറിപ്പ്:

- ഒരാൾക്ക് അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്/ഗ്രൂപ്പിന് പരമാവധി 5 കാരവനുകൾ വാങ്ങുവാൻ മാത്രമേ നിക്ഷേപധനസഹായം ലഭിക്കുകയുള്ളൂ.
- കാരവൻ ടൂറിസം നയം ഉത്തരവാകുന്ന തീയതി മുതൽ 3 വർഷമോ, അല്ലെങ്കിൽ 300-ാം കാരവൻ വരെയോ മാത്രമായിരിക്കും നിക്ഷേപധനസഹായം ലഭ്യമാക്കുന്നതിനുള്ള കാലാവധി.

- നിക്ഷേപധനസഹായം കൈപ്പറ്റുന്ന കാരവൻ, ടൂറിസം സംബന്ധിയായ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

- നിക്ഷപ ധനസഹായം ലഭ്യമായിട്ടുള്ള കാരവനുകൾ ഏതെങ്കിലും സാഹചര്യത്തിൽ ടൂറിസത്തിനു പുറമെയുള്ള മറ്റെന്തെങ്കിലും കാര്യത്തിനായി ഉപയോഗിക്കേണ്ടി വന്നാൽ അതിനായി ടൂറിസം വകുപ്പ് ഡയറക്ടറിൽ നിന്നും രേഖാമൂലമുള്ള അനുവാദം മുൻകൂറായി വാങ്ങേണ്ടതാണ്.

- രജിസ്ട്രേഷൻ തീയതി മുതൽ 5 വർഷത്തിനുള്ളിൽ ടൂറിസം പ്രവർത്തനങ്ങളിൽ നിന്നും ഏതെങ്കിലും സാഹചര്യത്തിൽ കാരവനുകൾ പിൻവലിച്ചാൽ നിക്ഷേപധനസഹായ തുകയും അതിൻമേൽ ബാധകമായ പലിശയും ഉടമയിൽ നിന്നും ഈടാക്കാൻ ടൂറിസം വകുപ്പ് ഡയറക്ടർക്ക് പൂർണ്ണഅധികാരം ഉണ്ടായിരിക്കും.

- ഈ വിഷയത്തിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത അനുച്ഛേദത്തിൽ വിശദീകരിച്ചിരിക്കുന്നു.

## 2. കാരവൻ പാർക്കുകൾ

സഞ്ചാരികളുടെയും കാരവനുകളുടെയും ആവശ്യങ്ങൾ നിറവേറ്റുവാനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉള്ളവയായിരിക്കണം കാരവൻ പാർക്കുകൾ. സ്വകാര്യ മേഖലയിലോ, പൊതുമേഖലയിലോ, സംയുക്തസംരംഭം എന്ന നിലയിലോ കാരവൻ പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്. ഓരോ സ്ഥലത്തിൻറെയും ഭൂപ്രകൃതിക്കിണങ്ങും വിധം ബാഹ്യരൂപത്തിൽ വ്യത്യാസങ്ങൾ ആകാമെങ്കിലും അടിസ്ഥാനപരമായ സൗകര്യങ്ങളും സേവനങ്ങളും നിശ്ചിത രൂപത്തിൽ ഉണ്ടായിരിക്കണം.

താരതമ്യേന അപ്രശസ്തമായ ടൂറിസം കേന്ദ്രങ്ങളുടെ സാധ്യതകൾ സഞ്ചാരികൾക്ക് മുന്നിൽ തുറന്നിടുക എന്നതായിരിക്കും പ്രധാനമായും കാരവൻ പാർക്കുകളുടെ പൊതുധർമ്മം.

### 2.1.1.പ്രവർത്തനത്തിനാവശ്യമായ ഉപാധികൾ:

i. ടൂറിസം സീസണിൽ 2 4 മണിക്കൂറും എന്നതു കൂടാതെ, ആവശ്യമനുസരിച്ച് ഏതുസമയത്തും പ്രവർത്തനക്ഷമമായിരിക്കണം.

ii. പ്രധാന വീഥികളിൽ നിന്നും പാർക്കിലേക്ക് സഞ്ചാരയോഗ്യമായ റോഡ് ഉണ്ടാകണം.

iii. സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ ലൈസൻസുകളും, നിരാക്ഷേപ പത്രങ്ങളും (അഗ്നിശമനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്കായുള്ളത് ഉൾപ്പെടെ) ഉണ്ടായിരിക്കണം.

iv. പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ഉണ്ടായിരിക്കണം,

v. രാജ്യത്ത് നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിലവാരത്തിലുള്ള വൈദ്യുതി, വെള്ളം, മലിനജലനിർമ്മാർജ്ജനം എന്നിവയ്ക്കുള്ള പൂർണ്ണസജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം.

vi. പാർക്കുകൾ ഒറ്റയ്ക്ക് സ്ഥിതിചെയ്യുന്നതോ (Stand alone) മറ്റേതെങ്കിലും സ്ഥാപനത്തോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതോ (Hybrid) ആകാം.

Hybrid Park കളിൽ കാരവൻ പാർക്കിംഗ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ മറ്റ് സേവനങ്ങളിൽ നിന്നും വേറിട്ടതായിരിക്കണം. കാരവൻ പാർക്കുകളുടെ ഭാഗമല്ലാത്ത വഴിയോര വിശ്രമകേന്ദ്രങ്ങൾ, ഭോജനശാലകൾ, പൊതുവാഹന പാർക്കിംഗ്, താമസസൗകര്യങ്ങൾ തുടങ്ങിയ സേവനങ്ങൾ കാരവൻ പാർക്കുകളുടേതായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.

2.1.2. സുരക്ഷിതത്വം സംബന്ധിച്ച്

സഞ്ചാരികൾക്ക് അലോസരമില്ലാതെയും മാനസിക സമ്മർദ്ദങ്ങളില്ലാതെയും താമസിക്കുവാൻ വേണ്ട സുരക്ഷിതമായ മേഖലയിലായിരിക്കണം കാരവൻ പാർക്കുകൾ നിർമ്മിക്കേണ്ടത്. കാരവൻ പാർക്കിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

i. ചുറ്റുമതിലും പൂട്ടി സൂക്ഷിക്കാവുന്ന ഗേറ്റുമുൾപ്പെടെ, അനുവാദമില്ലാതെ ആർക്കും ഉള്ളിൽ കടക്കാൻ സാധിക്കാത്ത വിധമായിരിക്കണം കാരവൻ പാർക്കുകൾ തയ്യാറാക്കേണ്ടത്. നിരീക്ഷണക്യാമറകളും സെക്യൂരിറ്റി ഗാർഡുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം.

ii. പ്രഥമശുശ്രൂഷ നൽകാൻ പരിശീലനം സിദ്ധിച്ച ജീവനക്കാരും അടിയന്തിര ആവശ്യത്തിന് ഉപയോഗിക്കാനാവുന്ന പ്രഥമശുശ്രൂഷ കിറ്റും റിസപ്ഷനിൽ ഉണ്ടായിരിക്കണം. അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുവാനായി "doctor on call" സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

iii. പാർക്കിലെ ജീവനക്കാരും ചുമതലക്കാരും തീപിടുത്തം, റോഡപകടം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, ഭൂമികുലുക്കം തുടങ്ങിയ കെടുതികൾ നേരിടുവാൻ ആവശ്യമായ പരിശീലനം നേടിയവരായിരിക്കണം

2.1.3. സ്ഥല വികസനം

കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനായി ചുവടെ നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ പാലിക്കേണ്ടതാണ്.

i. സ്ഥലലഭ്യത : കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനായി കുറഞ്ഞത് അരയേക്കർ സ്ഥലമെങ്കിലും ഉണ്ടായിരിക്കണം. കുറഞ്ഞത് 5 കാരവനുകൾ ഒരേസമയം പാർക്കു ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. ഒരു ഹെക്ടറിൽ 60 കാരവനുകൾക്കുള്ള പാർക്കിംഗ് എന്ന നിരക്കിലാവണം സൗകര്യം ഒരുക്കേണ്ടത്.

ii. പാർക്കിന്റെ രൂപകൽപ്പനയും ലൊക്കേഷനും : സ്വാഭാവിക പരിസരവുമായി ഇണങ്ങുന്ന രീതിയിലാകണം പാർക്കിന്റെ രൂപകൽപ്പന. കാരവൻ പാർക്കിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ സൗകര്യങ്ങൾ, അളവുകൾക്കനുസരിച്ചും

പരിസരത്തെ മറ്റ് നിർമ്മിതികളിൽ നിന്നും വ്യതിരിക്തമായും വേണം സജ്ജീകരിക്കുവാൻ. ഉചിതമായ മലിനജലനിർമ്മാർജ്ജന മാർഗ്ഗവും മഴവെള്ളസംഭരണിയും പിക്നിക് മേശകളും പാർക്കിൽ ഉണ്ടായിരിക്കണം. വിവിധ കാരവനുകളിൽ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് സ്വകാര്യത നഷ്ടപ്പെടുത്താത്തതും എല്ലാ കാലാവസ്ഥയിലും യഥാവിധി പ്രവർത്തിക്കുന്നതുമായിരിക്കണം കാരവൻ പാർക്കുകൾ. കുട്ടികൾക്ക് സുരക്ഷിതമായി വിനോദങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നത് അഭികാമ്യമാണ്.

**iii പരിസരദൃശ്യഭംഗി :**

1. സ്വകാര്യത, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന രീതിയിലാവണം പരിസരദൃശ്യഭംഗി ഒരുക്കേണ്ടത്.
2. പ്രദേശത്തുതന്നെ ലഭ്യമാകുന്ന ഇനം ചെടികളും മരങ്ങളും ഉപയോഗിക്കേണ്ടതാണ്.
3. കാറ്റ്, പൊടി, ശബ്ദം തുടങ്ങിയവയുടെ തീവ്രത കുറക്കുന്ന രീതിയിലായിരിക്കണം പരിസരം ഒരുക്കേണ്ടത്.
4. ഉചിതമായ മഴവെള്ള സംഭരണി ഒരുക്കേണ്ടതും പരമാവധി ഉപരിതലജലം കൊണ്ടുതന്നെ ചെടികൾക്കും മരങ്ങൾക്കും ജലസേചനം നടത്തേണ്ടതുമാണ്.

**iv തുറസ്സായ ഇടത്തിലെ വിനോദങ്ങൾ :** കാരവൻ പാർക്ക് നിലനിൽക്കുന്ന സ്ഥലത്തിനും പ്രവേശന-നിർഗ്ഗമന വീഥികൾക്കുമിടയിൽ വിവിധ വിനോദോപാധികൾക്കായി മൊത്തം സ്ഥലത്തിൻറെ 5% ൽ കുറയാത്ത സ്ഥലം നീക്കിവെയ്ക്കേണ്ടതാണ്. പ്രസ്തുതസ്ഥലം കുട്ടികളുൾപ്പെടെയുള്ള അതിഥികൾക്ക് അപകടരഹിതമായും സുരക്ഷിതമായും ഉപയുക്തമാക്കുവാനുള്ള രീതിയിൽ വേണം തയ്യാറാക്കുവാൻ.

**2.1.4. വാഹനങ്ങളുടെ നീക്കവും പാർക്കിംഗും**

പാർക്കിനുള്ളിൽ കാരവനുകൾക്ക് തടസ്സങ്ങളില്ലാതെ ചലിക്കുവാൻ മതിയായ അളവിലുള്ള സ്ഥലസൗകര്യം ഉണ്ടായിരിക്കണം. പാർക്കിലെ മറ്റ് പ്രവർത്തനങ്ങൾക്ക് തടസ്സമാകാത്ത രീതിയിൽ കാരവനുകൾ ചലിക്കുവാൻ വേണ്ട Turning Circle കൾ രൂപകൽപ്പന ചെയ്യേണ്ടതാണ്.

**2.1.5. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെൻറർ (TFC)**

കാരവൻ യാത്രികർക്ക് യോഗ്യമായ അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതരത്തിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെൻറർ തയ്യാറാക്കേണ്ടതാണ്. മലയോരപ്രദേശങ്ങളിലും പാരിസ്ഥിതികമായി ദുർബ്ബലമായ പ്രദേശങ്ങളിലും TFC കെട്ടിടങ്ങൾ അതാത് പ്രദേശത്ത് ലഭ്യമാകുന്ന സാധനസാമഗ്രികൾ കൊണ്ട് തനതായ വാസ്തുശിൽപരീതിയിൽ

ഊർജ്ജക്ഷമതയും സുസ്ഥിരതയും ഉറപ്പുവരുത്തുന്ന രീതിയിൽ നിർമ്മിക്കേണ്ടതാണ്. കെട്ടിടത്തിന്റെ ഭൂനിരപ്പിലുള്ള നിലയിൽ വേണം TFC നിർമ്മിക്കുവാൻ.

TFC യിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളും സേവനങ്ങളും ചുവടെ വിശദീകരിക്കുന്നു.

i. ജീവനക്കാർ വെടിപ്പോടെ നിശ്ചിത യൂണിഫോം ധരിച്ചവരും, പരിശീലനം സിദ്ധിച്ചവരും ആയിരിക്കണം.

ii. Front Office ജീവനക്കാർ ഒഴുക്കോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരായിരിക്കണം.

iii. ചെയ്യാവുന്നതും അരുതാത്തതുമായ (Do's & Don'ts) കാര്യങ്ങളുടെ സമഗ്രമായ പട്ടിക, അതിഥികൾക്ക് വ്യക്തമായി കാണാവുന്നവിധം പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും അവ പാലിക്കുന്നതിനായി അതിഥികളെ വിനീതമായി പ്രേരിപ്പിക്കുകയും വേണം

iv. ഏറ്റവും സമീപമുള്ള മെക്കാനിക്കുകൾ, ടയർ വില്പന/റിപ്പയർ കേന്ദ്രങ്ങൾ, ഇന്ധന വില്പനകേന്ദ്രങ്ങൾ എന്നിവരുമായി മുൻകൂർ ധാരണയിൽ പ്രവർത്തിക്കേണ്ടതാണ്.

v. പലവക ജോലിക്കാരൻ, ഇലക്ട്രീഷ്യൻ, പ്ലംബർ, ശുചീകരണ ജീവനക്കാരൻ തുടങ്ങിയ തസ്തികകളിൽ കുറഞ്ഞത് ഒരാൾ വീതമെങ്കിലും എല്ലായ്പ്പോഴും സേവനത്തിലുണ്ടായിരിക്കണം.

vi. പാർക്കിൽ ആവശ്യമായ വെളിച്ചം ഉണ്ടായിരിക്കണം. ഊർജ്ജക്ഷമതയേറിയ (ഉദാ: CFL) വൈദ്യുതോപകരണങ്ങളായിരിക്കണം ഉപയോഗിക്കേണ്ടത്. സൗരോർജ്ജം ഉൾപ്പെടെയുള്ള പാരമ്പര്യേതരവും പാരിസ്ഥിതിക സൗഹാർദ്ദവുമായ ഊർജ്ജസ്രോതസ്സുകൾ കഴിയുന്നത്ര ഉപയോഗപ്പെടുത്തേണ്ടതാണ്.

vii. തടസമില്ലാത്ത വൈദ്യുതിലഭ്യത ഉറപ്പാക്കേണ്ടതാണ്.

viii. പ്രാദേശിക ഭൂപടം/പ്രദേശത്തെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ബ്രോഷറുകൾ എന്നിവ വിതരണത്തിനായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ix. വൃത്തിയുള്ള വിശ്രമമുറികൾ, ഡ്രൈവർമാർക്കുള്ള മുറികൾ, ഡോർമെറ്ററി, തുണിയലക്കാനുള്ള സൗകര്യം എന്നിവ ഉണ്ടായിരിക്കണം.

x. കാത്തിരുപ്പ് മുറി, അവശ്യവസ്തുക്കളുടെ വിൽപ്പനശാല, ഭക്ഷണശാല എന്നിവ ഒരുക്കുന്നത് അഭികാമ്യമായിരിക്കും.

xi. സന്ദർശക പാർക്കിംഗ് പ്രത്യേകം ഒരുക്കേണ്ടതാണ്.

ശുചിത്വം, പരിസ്ഥിതിസൗഹാർദ്ദശീലങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതും അതിനായി അതിഥികളെ വിനയത്തോടെ പ്രേരിപ്പിക്കുകയും വേണം.

2.1.6. ഉത്തരവാദ ടൂറിസം സൗഹാർദ്ദനയം

പ്രദേശത്തെ ജനസമൂഹത്തിനുകൂടി പ്രയോജനകരമാകുംവിധമുള്ള സുസ്ഥിര വളർച്ചയ്ക്കായി ഉത്തരവാദടൂറിസം നയം അനുവർത്തിക്കേണ്ടതാണ്. തദ്ദേശ പരിസ്ഥിതിയെ ബാധിക്കാത്തവിധം പരിസ്ഥിതിസൗഹാർദ്ദത്തോടെ പ്രവർത്തിക്കേണ്ടതും തദ്ദേശീയമായ ഉൽപ്പന്നങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 2.1.7. മാലിന്യ നിർമ്മാർജ്ജന നടത്തിപ്പ്

മാലിന്യങ്ങൾ ജീർണ്ണിതമായത് (Biodegradable) അജീർണ്ണിതമായത് (Non-Biodegradable), പുനഃചംക്രമണം നടത്താവുന്നത് (Recyclable) എന്നീ നിലകളിൽ തരം തിരിക്കാൻ സംവിധാനമുണ്ടാകണം. അടുക്കളമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കേണ്ടതാണ്. ഖരമാലിന്യങ്ങളും മലിനജലവും പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ ഉചിതമായി നിർമ്മാർജ്ജനം ചെയ്യണം. മാലിന്യങ്ങൾ ശേഖരിക്കുവാനും സൂക്ഷിക്കുവാനും നിർമ്മാർജ്ജനം ചെയ്യുവാനും ഫലപ്രദമായ നടത്തിപ്പ് സമ്പ്രദായം ഉണ്ടാകണം. പാർക്കിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒരു കാരണവശാലും പരിസരവാസികൾക്കോ പ്രദേശത്തിനോ ബാധ്യതയോ ആരോഗ്യപ്രശ്നമോ ആയിത്തീരുവാൻ പാടുള്ളതല്ല. നിലവാരം പുലർത്തുന്ന, രണ്ടുവീതം (Biodegradable & Non-Biodegradable) അടച്ചുറപ്പുള്ള ചവറുവീപ്പകൾ ഓരോ കാരവൻ പാർക്കിംഗ് ബേയിലും സജ്ജീകരിക്കേണ്ടതും ദിവസവും രണ്ടുതവണയെങ്കിലും വീപ്പകളിൽ നിന്ന് മാലിന്യം ഒഴിവാക്കുകയും വേണം.

കക്കൂസ് മാലിന്യസംഭരണം, ട്രീറ്റ്മെൻറ്, നിർമ്മാർജ്ജനം എന്നീ പ്രക്രിയകൾക്ക് ഉചിതവും സുരക്ഷിതവുമായ രീതി ആവിഷ്കരിച്ച് നടപ്പാക്കണം. കാരവനുകളിൽ നിന്നുള്ള മലിനജലം നിർമ്മാർജ്ജനം ചെയ്യുവാനായി ഒരുക്കുന്ന സംവിധാനം ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശാനുസരണം യഥാസ്ഥാനത്ത് ഒരുക്കേണ്ടതാണ്.

### 3.2. കാരവൻ പാർക്കുകളുടെ തരംതിരിവ്

1. പ്രവർത്തനരീതിയും നൽകുന്ന സൗകര്യങ്ങളും സേവനങ്ങളും കണക്കിലെടുത്ത് ചുവടെ വിശദീകരിക്കുന്ന രീതിയിൽ പാർക്കുകൾ പ്രവർത്തിക്കാവുന്നതാണ്.

2. അത്യാധുനിക കാരവൻ പാർക്കുകൾ (State of the art Caravan Parks) : കാരവൻ ടൂറിസം നയത്തിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള റിസപ്ഷൻ, അടുക്കള, ഡോർമെറ്ററി, വൈദ്യുതി, കക്കൂസ് മാലിന്യനിർമ്മാർജ്ജനം, ശുചിമുറി, കുളിമുറി തുടങ്ങി എല്ലാസൗകര്യങ്ങളുമുള്ള, ഒന്നോ അതിലധികമോ ദിവസങ്ങൾ താമസിക്കാൻ പര്യാപ്തമായ കാരവൻ പാർക്കുകളാണ് ഈ ഗണത്തിൽപ്പെടുന്നത്.

3. പകൽസമയ പാർക്കുകൾ (Day Parks) : പകൽസമയം മാത്രം പ്രവർത്തിക്കുന്ന പാർക്കുകളാണ് Day Parks ഇവയിൽ രാത്രികാലങ്ങളിൽ താമസിക്കുവാൻ സാധിക്കുകയില്ല. ശുചിമുറി

സൗകര്യങ്ങൾ, അടുക്കള, ലഘുഭക്ഷണശാല എന്നിവ മാത്രമേ ഇത്തരം പാർക്കുകളിൽ ഏർപ്പെടുത്തേണ്ടതുള്ളൂ.

4. സങ്കരയിനം കാരവൻ പാർക്കുകൾ (Hybrid Parks) : താമസസൗകര്യമുള്ള ഒരു റിസോർട്ടിന്റെ ഭാഗമായി നിർമ്മിച്ച്, സന്ദർശകർക്ക് താമസിക്കുന്നതോടൊപ്പം കാരവൻ പാർക്കിംഗ് സൗകര്യവും ഉപയോഗിക്കാവുന്നതരം പാർക്കുകളാണ് Hybrid Park കൾ. ഈ നയരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങളും സേവനങ്ങളും റിസോർട്ട് ഏർപ്പെടുത്തേണ്ടതുണ്ട്.

5. വീടുകളുടെ ഭാഗമായിട്ടുള്ള കാരവൻ പാർക്കുകൾ (Caravan Parks as a part of independent House) മതിയായ സ്ഥലസൗകര്യമുള്ള, സ്വതന്ത്രമായ വീടുകളുടെ ഉടമസ്ഥർക്ക് ഒന്നോ രണ്ടോ കാരവനുകൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉതകുന്നവയാണ് ഈ വിഭാഗം പാർക്കുകൾ. മതിയായ റോഡ്സൗകര്യം ഉള്ളതും ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കുന്ന മേഖലയിലുള്ളതുമായ വീട്ടുടമസ്ഥർക്ക് ഇത്തരം പാർക്കുകൾ ഒരുക്കാം.

   ഉത്തരവാദടൂറിസം മിഷന്റെ നേതൃത്വത്തിൽ ഇത്തരം വീടുകളെ കണ്ടെത്തുവാനും പ്രവർത്തനക്ഷമമാക്കുവാനും ഉചിതമാർഗ്ഗേണ രജിസ്ട്രേഷൻ പ്രക്രിയ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. പോലീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനം തുടങ്ങിയ ബന്ധപ്പെട്ട അധികാരികളിൽ നിന്നും നടത്തിപ്പിന് ആവശ്യമായ രേഖകൾ സമ്പാദിക്കേണ്ടതാണ്. ടൂറിസം വകുപ്പ് ഇത്തരം പാർക്കുകൾക്ക് നിരാക്ഷേപപത്രം /അംഗീകാരം ഉചിതമാർഗ്ഗേന നൽകുന്നതാണ്.

6. തോട്ടങ്ങളിലെ കാരവൻ പാർക്കുകൾ (Caravan Parks in Plantations) : 22.09.2015 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(P)No.476/2015/RD പ്രകാരം തോട്ടങ്ങളിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവൻ പാർക്കുകളും സ്ഥാപിക്കാവുന്നതാണ്.

7. KTDC കാരവൻ പാർക്കുകൾ : ടൂറിസം വകുപ്പിനോ കേരളാ ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷനോ (KTDC) ടൂറിസം സാദ്ധ്യതകൾ ഉള്ള പ്രദേശങ്ങളിൽ നയരേഖ അനുസരിച്ച കാരവൻ പാർക്കുകൾ സ്ഥാപിക്കാവുന്നതാണ്. ഉത്തരവാദടൂറിസം മേഖലയിലെ യൂണിറ്റുകളായോ മറ്റ് അനുയോജ്യമായ സ്ഥലങ്ങളിലോ കെ.റ്റി.ഡി.സിയുടെ കുറഞ്ഞ അളവിലെ സൗകര്യങ്ങൾ ഉപയോഗിച്ച് കാരവൻ പാർക്കുകൾ പ്രവർത്തിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/മറ്റ് സർക്കാർ വകുപ്പുകൾ : തദ്ദേശവാസികൾക്ക് തൊഴിലവസരവും വരുമാനനേട്ടവും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ, വിനോദസഞ്ചാര സാദ്ധ്യതകൾ ഉള്ള പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വനം-വന്യജീവി വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകൾക്കും തങ്ങൾക്ക് കീഴിലുള്ള സ്ഥലത്ത് കാരവൻ പാർക്കുകൾ സ്ഥാപിച്ച് പ്രവർത്തിക്കാവുന്നതാണ്.

നോട്ട് : സർക്കാർ വകുപ്പുകളോ പൊതുമേഖലാ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോ നടത്തുന്ന കാരവൻ പാർക്കുകൾ ഉപയോഗിക്കുന്നവരിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

Rechana

സെക്ഷൻ ഓഫീസർ